**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4621** **02-07-2024 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന വനസംരക്ഷണ സമിതികളുടേയും (VSSs), ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികളുടേയും (EDCs) പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി ഏതാനും പരാതികൾ ലഭിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച കേസുകളിന്മേൽ വനം വന്യജീവി വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷിച്ച് വേണ്ട നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ചെമ്പ്ര ഇക്കോട്ടൂറിസം സെന്ററിൽ നടന്നതായി ആരോപിക്കപ്പെടുന്ന കേസ് തുടർ അന്വേഷണത്തിനായി ആഭ്യന്തര വിജിലൻസ് വകുപ്പിന്റെ പക്കലാണുള്ളത്. |
| (ബി) | പ്രസ്തുത സമിതികൾ പിരിച്ചെടുക്കുന്ന തുക ഏതെങ്കിലും ജീവനക്കാരന്റെ അക്കൗണ്ടിലേക്ക് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടില്ല. |
| (സി) | ഓരോ സമിതിക്കും സർക്കാർ നൽകുന്ന ധനസഹായം ഉപയോഗിച്ചതിന്റെ വിശദാംശം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; ഈ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സംവിധാനമുണ്ട്. ഓരോ വന സംരക്ഷണ സമിതികളുടെയും വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടുള്ളതും ആയത് ഡിവിഷൻ തലത്തിൽ പരിശോധിക്കുകയും വന സംരക്ഷണ സമിതിയുടെ പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും വന വികസന ഏജൻസിയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വന വികസന ഏജൻസി തലത്തിൽ വരവ് ചെലവ് കണക്കുകൾ അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റ് മുഖാന്തിരം സമയബന്ധിതമായി ഓഡിറ്റ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ